**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6052** **17-03-2023 - ൽ മറുപടിയ്ക്ക്**

**ചരക്കുസേവന നികുതി വകുപ്പിലെ പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക സേവന നികുതി വകുപ്പിലെ പുന:സംഘടനയ്ക്ക് ശേഷം ഒരു വിഭാഗം ജീവനക്കാർക്ക് രണ്ടു മാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരുടെ ശമ്പളം പ്രോസസ് ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എ) | സർക്കാർ ഉത്തരവ് GO(Ms)No.55/2022/Taxes തീയതി 02/08/2022, GO(Ms) No.106/2022/Taxes തീയതി 29/12/2022 എന്നിവ പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ ജി.എസ്.ടി നിയമത്തിനനുസൃതമായി ടാക്സ്പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആന്റ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചു. തുടർന്ന് വകുപ്പിലെ മുഴുവൻ ജീവനക്കാരെയും പ്രസ്തുത വിഭാഗത്തിലെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് പുനർവിന്യസിച്ചിരുന്നു. ഇത്തരത്തിൽ വിന്യസിക്കപ്പെട്ട വകുപ്പിലെ നാലായിരത്തിലധികം വരുന്ന ആകെ ജീവനക്കാരിൽ ഗസറ്റഡ് തസ്തികയിലെ മുപ്പത്തിമൂന്നു ജീവനക്കാരുടെ മാത്രം ശമ്പളം നല്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനുവേണ്ടി അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും പേ സ്ലിപ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പുന:സംഘടനയോട് കൂടി ഏതെങ്കിലും ഓഫീസുകൾ ഇല്ലാതാവുകയും പുതിയവ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | പുനഃസംഘടന നടപ്പിലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നം. GO(Ms)No.106/2022/Taxes തീയതി, 29/12/2022 പ്രകാരം വകുപ്പിലെ നിലവിലെ ഓഫീസുകൾക്ക് പകരമായി പുതിയ ഓഫീസുകളും അവയിലെ ഉദ്യോഗസ്ഥരുടെ അംഗബലവും പുനർനിർണ്ണയിച്ച് ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ